മഞ്ചേരി ജില്ലാ ആശുപത്രിയിലെ ഒഴിവുകൾ

145 [3539] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ ഏതെല്ലാം ആണെന്നും എത്ര വീതം ആണെന്നും വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും നിയമനം നടക്കാത്തതുമൂലം ഇവിടെ രോഗികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ താഴെ പറയുന്ന ഒഴിവുകളാണ് ഉള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ (സൂപ്രണ്ട്)	..	1	
സീവിൽ സർജൻ (ദന്തൽ)	..	1	(ഈ തസ്തികയിൽ ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്)
അസി. സർജൻ	..	3	

(ബി) ഒഴിവുള്ള തസ്തികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നേഴ്സിംഗ് സൂപ്രണ്ട്	..	3
ഹെഡ് നേഴ്സ്	..	2
റേഡിയോഗ്രാഫർ	..	3
എക്സ്റേ ടെക്നിഷ്യൻ	..	3
നേഴ്സിംഗ് അസിസ്റ്റന്റ്	..	10
എച്ച്. എ. ഗ്രേഡ് - I	..	3
എച്ച്. എ. ഗ്രേഡ്- II	..	22

LIBRARY ARCHIVES Kerala Legislative Assembly

കുക്ക് .. 5

ക്യാംപ് കോർഡിനേറ്റർ .. 2

ബ്ലഡ് ബാങ്ക് ടെക്നിഷ്യൻ .. 1

(സി—ഇ) സ്റ്റാഫിന്റെ അപര്യാപ്തതമൂലം രോഗികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ദന്തൽ സിവിൽ സർജൻ എന്നീ തസ്തികകൾ പ്രമോഷൻ വഴി നികത്തുന്നതിന് നടപടി എടുത്തുവരുന്നു. അസി. സർജൻ, എക്സറേ ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്യാമ്പ് കോർഡിനേറ്റർ, നേഴ്സിംഗ് സൂപ്രണ്ട് I, ഹെഡ് നേഴ്സ് എന്നീ തസ്തികകൾ പ്രമോഷൻ തസ്തികകൾ ആകുന്നു. ഇവ നികത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നേഴ്സിംഗ് അസിസ്റ്റന്റ്, എച്ച്. എ. ഗ്രേഡ് 1, എച്ച്. എ. ഗ്രേഡ്-2, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ എന്നീ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ആഫീസർ ആരംഭിച്ചുകഴിഞ്ഞു. ഒഴിവുള്ള തസ്തികകളിലേക്ക് യോഗ്യരായ ആളുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വിവിധ ഗ്രേഡിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ശമ്പളനിരക്ക്

146 [3540] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, JHI ഗ്രേഡ് I, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളുടെ ശമ്പള നിരക്ക് സർക്കാർ സർവ്വീസിലെ മറ്റു വകുപ്പുകളിലെ 4000-6090-ന്റെ തൊട്ടടുത്ത രണ്ട് പ്രമോഷൻ തസ്തികകളിലെ ശമ്പള നിരക്കിനേക്കാൾ കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിലെ നിരക്ക് മറ്റു സർവ്വീസിലുള്ളവരുടേതിന് സമാനമാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ മുന്നാമത് പ്രൊമോഷൻ തസ്തിക നിലവിലുള്ള 5000-8150 ശമ്പള സ്കെയിലിൽ നിന്ന് 6500-10550 ആക്കി ഉയർത്തുവാൻ നപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1997-ലെ ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് 25-11-1998-ലെ ജി.ഒ.(പി) 3000/98/ഫിൻ എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് തസ്തികകളിൽ ശമ്പള സ്കെയിലുകൾ നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

2/54/2013—25.

LIBRARY ARCHIVES Kerala Legislative Assembly